**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1135** **12-06-2024 - ൽ മറുപടിയ്ക്ക്**

**പേരൂർക്കട-മൺവിള കുടിവെള്ള വിതരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരൂർക്കട-മൺവിള കുടിവെള്ള വിതരണ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; പൂർത്തിയായതും അവശേഷിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | (എ) | പേരൂർക്കട മുതൽ മൺവിള വരെയുള്ള പി.എസ്.സി. പൈപ്പുകൾ മാറ്റി എം.എസ്. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് കിഫ്ബി വഴി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ പൈപ്പ്ലൈൻ സ്ഥാപിക്കലും അതോടൊപ്പം റോഡ് പുന:സ്ഥാപനവും ഉൾപ്പെടെയാണ് കരാർ നൽകിയിരുന്നത്. 39% പ്രവൃത്തികൾ പൂർത്തിയായപ്പോൾ റേറ്റ്റിവിഷൻ, കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കരാർ കമ്പനി ബഹു. ഹൈക്കോടതിയിൽ കേസ് സമർപ്പിക്കുകയും, ബഹു. കോടതിയുടെ ഇടക്കാല ഉത്തരവനുസരിച്ച് പ്രസ്തുത പ്രവൃത്തി നിശ്ചയിച്ച തുകയിൽ തന്നെ പൂർത്തീകരിക്കുവാനായി കരാർ കമ്പനിക്ക് 6 മാസം കൂടി അനുവദിക്കാൻ തീരുമാനിക്കുകയുണ്ടായി. എന്നിട്ടും കരാർ കമ്പനി ബാക്കി പ്രവൃത്തികൾ ചെയ്യാൻ തയ്യാറായില്ല. തുടർന്ന് കരാർ കമ്പനിയുമായി നടത്തിയ ഹിയറിംഗിൽ പ്രവൃത്തിയുമായി മുന്നോട്ട് പോകുവാൻ താൽപ്പര്യമില്ലായെന്ന് കമ്പനി അറിയിച്ചതിനാൽ കരാർ റദ്ദുചെയ്തു. ബാക്കി പ്രവൃത്തികൾ കിഫ്ബി വഴി ലഭ്യമായിട്ടുള്ള ഭരണാനുമതി തുകയിൽ പൂർത്തീകരിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ അമൃത്-2.0- ൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ ധാരണയായി. ഇതിന് 02.11.2023-ൽ 65.45 കോടി രൂപയുടെ ഭരണാനുമതി അമൃത് 2.0 യിൽ നൽകുകയുണ്ടായി. എന്നാൽ പലതവണ ദർഘാസുകൾ ക്ഷണിച്ചെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കരാർ നൽകത്തക്കവിധത്തിലുള്ള ഓഫറുകളൊന്നും തന്നെ ലഭിച്ചില്ല. തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി പുതിയ ദർഘാസുകൾ ക്ഷണിച്ചിരിക്കുകയാണ്. കരാർ |

നൽകിക്കഴിഞ്ഞാൽ 9 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പ്രവൃത്തിയിൽ ഇതുവരെ സ്ഥാപിച്ച പൈപ്പുകൾ ചുവടെചേർക്കുന്നു.

1. 1219 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പുകൾ 186 മീ .

2. 1118 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പുകൾ - 1755.6 മീ.

3. 914 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പുകൾ - 1868.6 മീ.

4. 600 മി.മീ വ്യാസമുള്ള അയൺ പൈപ്പുകൾ 1849.26മീ.

മേൽപ്പറഞ്ഞിട്ടുള്ള പൈപ്പുകൾ സ്ഥാപിച്ച ഭാഗത്തെ റോഡ് പുനസ്ഥാപന പ്രവൃത്തികൾ ഉൾപ്പെടെ പൂർത്തിയായിട്ടുണ്ട്.

നേരത്തെ സ്ഥാപിച്ച സ്ഥലങ്ങളിലെ ഗ്യാപ്പുകൾ ഉൾപ്പെടെ ഇനി സ്ഥാപിക്കാനുള്ളവ ചുവടെചേർക്കുന്നു.

1. 1118 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പുകൾ - 240 മീ

2. 914 മി.മീ. വ്യാസമുള്ള മൈൽഡ് സ്റ്റീൽ പൈപ്പുകൾ - 910 മീ

3. 900 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുകൾ 1600 മീ.

4. 800 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുകൾ - 2200 മീ.

5. 700 മി.മീ.വ്യാസമുള്ള ഡക്റ്റൈൽ അയൺ പൈപ്പുകൾ - 3700 മീ.

6. 450 മി.മീ.വ്യാസമുള്ള ഡക്റ്റൈൽ അയൺപൈപ്പുകൾ - 1200 മീ.

പൈപ്പ് ലൈൻ സ്ഥാപിക്കൽ കൂടാതെ വിവിധ സ്ഥലങ്ങളിലെ കൂട്ടിയോജിപ്പിക്കലും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിക്കേണ്ടതുണ്ട്. പുതുക്കിയ എസ്റ്റിമേറ്റനുസരിച്ചുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുകയാണ്. കരാർ നൽകിക്കഴിഞ്ഞാൽ സമയബന്ധിതമായി എല്ലാ പ്രവൃത്തികളും

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | ടെക്നോപാർക്കിൽ കുടിവെള്ളം നൽകുന്നതിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകുമോ; വിശദമാക്കാമോ; | (ബി) | പ്രത്യേക പദ്ധതികൾ ഒന്നും രൂപീകരിച്ചിട്ടില്ല. പേരൂർക്കട - മൺവിള പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ മൺവിള പുതുകുന്ന് ജലസംഭരണികളിലേക്ക് കൂടുതൽ ജലം എത്തിക്കുവാനും അതിൽ നിന്നും ടെക്നോപാർക്കിന് ആവശ്യമായ ജലം ലഭ്യമാക്കാനും സാധിക്കുന്നതാണ്. |
| (സി) | പൗഡിക്കോണം പുതുകുന്ന് വാട്ടർ ടാങ്കിൽ നിന്നും ഹൈലെവൽ പമ്പിംഗ് പ്രദേശങ്ങളിൽ എല്ലാ ദിവസവും വെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | പുതുകുന്ന് ഭൂതല ജലസംഭരണിയിൽ ആവശ്യത്തിന് ജലവിതാനം ഇല്ലാത്തതിനാൽ നിലവിൽ ആഴ്ചയിൽ രണ്ടു ദിവസമാണ് ഹൈലെവൽ പ്രദേശത്തേക്ക് പമ്പിങ്ങ് നടത്തുന്നത്. പേരൂർക്കട - മൺവിള പുതിയ പൈപ്പ് ലൈൻ പൂർത്തീകരിക്കുമ്പോൾ പുതുകുന്ന് ജല സംഭരണിയിലേയ്ക്ക് കൂടുതൽ ജലം എത്തിക്കുവാനും ഹൈലെവൽ പമ്പിംഗ് കൂടുതൽ നടത്തുവാനും സാധിക്കുന്നതാണ്. |
| (ഡി) | നിർമ്മാണം പൂർത്തിയാക്കിയ കൊടിക്കുന്ന് കുടിവെള്ള ടാങ്കിൽ വെള്ളം എത്തിച്ച് ആ പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; ഈ പ്രോജക്ട് എപ്പോൾ കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഈ പ്രോജക്ടിന്റെ അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | പ്രസ്തുത പദ്ധതിയ്ക്ക് സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 9.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 19.02.2021-ൽ കരാർ നൽകി. ഈ പദ്ധതിയുടെ ഭാഗമായ 3.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും, പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെഭാഗമായി 5 കിലോമീറ്ററോളം ദൈർഘ്യത്തിൽ ഡക്റ്റൈൽ അയൺപൈപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. 2021-ൽ കരാർ നൽകിയെങ്കിലും പൊതുമരാമത്ത് വകുപ്പ് തിരുവനന്തപുരം നഗരസഭ എന്നിവയുടെ അധീനതയിലുള്ള റോഡുകൾ കുഴിക്കുന്നതിനുള്ള അനുമതി ലഭിക്കുവാൻ കാലതാമസമുണ്ടായി. 2022 ഡിസംബർ മാസത്തോടുകൂടിയാണ് അനുമതി ലഭ്യമായത്. അപ്പോഴേയ്ക്കും ഡക്റ്റൈൽ അയൺപൈപ്പുകളുടെ വില ക്രമാതീതമായി വർദ്ധിക്കുകയും, നിലവിൽ കരാർ നൽകിയിട്ടുള്ള തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കരാറുകാരൻ വിസമ്മതിക്കുകയും ചെയ്തു. എന്നിരുന്നാലും ജല അതോറിറ്റിയുടെ സ്റ്റോറിലുണ്ടായിരുന്ന ഡക്റ്റൈൽ അയൺപൈപ്പുകളെത്തിച്ച് ഒരുകിലോമീറ്ററോളം ഭാഗത്ത് സ്ഥാപിച്ചിട്ടുണ്ട്. ബാക്കി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പുതിയ കരാർ നൽകേണ്ടതുണ്ട്. പദ്ധതിയുടെ 50% പ്രവൃത്തികൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇതു കൂടാതെ നിർമ്മാണം പൂർത്തിയായ ഉപരിതല ജലസംഭരണിയുടെ ചുറ്റുമതിൽ നിർമ്മാണത്തിനും, ടി ഉപരിതല |

| | | | |
|---|---|---|---|
| | | | ജലസംഭരണിയിലേയ്ക്ക് പുതുക്കുന്ന് ഭൂതല ജലസംഭരണിയിൽ നിന്നും ശുദ്ധജലം പമ്പ് ചെയ്യുന്നതിനുള്ള പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനുമായി മറ്റൊരുകരാർ ജലജീവൻ മിഷനിലുൾപ്പെടുത്തി നൽകിക്കഴിഞ്ഞു. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് പേരൂർക്കട മൺവിള പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനോടൊപ്പം പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | ചന്തവിള- കാട്ടായിക്കോണം-കഴക്കൂട്ടം ഭാഗങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ പ്രോജക്റ്റ് എപ്പോൾ ആരംഭിച്ച് പൂർത്തികരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രോജക്റ്റ് നാളിതുവരെയായിട്ടും ടെൻഡർ ആകാതെ കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | ചന്തവിള, കാട്ടായിക്കോണം – കഴക്കൂട്ടം ഭാഗങ്ങളിൽ വാട്ടർ സപ്ലൈ നെറ്റ് വർക്ക് ഇല്ലാതിരുന്നതിനാൽ ആയത് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 29.46 കോടിരൂപയുടെ പദ്ധതി ആവഷ്കരിച്ചിട്ടുണ്ട്. ഏപ്രലിൽ ആദ്യ ടെണ്ടറിൽ പങ്കെടുത്ത രണ്ടു കരാറുകാർക്ക് മതിയായ യോഗ്യത ഇല്ലാത്തതിനാൽ ടെണ്ടർ റദ്ദ്ചെയ്ത്, റീടെണ്ടർ ചെയ്തിരിക്കുകയാണ്. ഒരു വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (എഫ്) | കാര്യവട്ടം യൂണിവേഴ്സിറ്റി കേന്ദ്രമാക്കി പോങ്ങുംമൂട് ഡിവിഷനു കീഴിൽ കഴക്കൂട്ടം സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എഫ്) | കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിലുള്ള പഴയ പമ്പ് ഹൗസ് കെട്ടിടം പുനരുദ്ധരിച്ച് കഴക്കൂട്ടം സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് പ്രവൃത്തി ആരംഭിച്ചെങ്കിലും, യൂണിവേഴ്സിറ്റിയിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ പോങ്ങുംമൂട് സബ് ഡിവിഷനോട് ചേർന്നുള്ള കെട്ടിടത്തിൽ തന്നെ നിലവിൽ കഴക്കൂട്ടം സെക്ഷൻ ഓഫീസ് പ്രവർത്തിച്ചുവരുന്നു. |
| (ജി) | പുതുകുന്ന്, മൺവിള ജലസംഭരണികളിൽ ആവശ്യത്തിന് വെള്ളം എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ലയോള ജലസംഭരണി പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ജി) | പേരൂർക്കട - മൺവിള പുതിയ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ ടി ജലസംഭരണികളിൽ ആവശ്യത്തിന് ജലം ലഭ്യമാക്കാൻ സാധിക്കുന്നതാണ്. JICA പദ്ധതിയിൽ ഉൾപ്പെടുത്തി പോങ്ങുംമൂട് പുതിയ ജലസംഭരണി പൂർത്തീകരിച്ച് ജല വിതരണം നടത്തുന്നതിനാൽ ലയോള ടാങ്കിലേക്ക് നിലവിൽ ജലം ലഭ്യമാക്കേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ